പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 6346 — 11.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്ന സമാശ്വാസപദ്ധതി നിലവിലുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിലുണ്ട്. |
| (ബി) | മേൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (ബി) | പഞ്ഞമാസക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാവാതിരിക്കാൻ വേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. കടലോര മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും പദ്ധതിയിൽ ചേരാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം 2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ട തുക നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പ്രസ്തുത പദ്ധതി പ്രകാരം 2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനായി ബജറ്റ് വിഹിതമായ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധികം വേണ്ടി വരുന്ന 11.57 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളിൽ നിന്ന് എത്ര തുക സമാഹരിച്ചിട്ടുണ്ട്; ഇതുപ്രകാരം എത്ര പേർക്കാണ് തുക നൽകേണ്ടതെന്നും വിശദമാക്കാമോ? | (ഡി) | കാസർഗോഡ് ജില്ലയിൽ സമ്പാദ്യ ആശ്വാസ പദ്ധതി പ്രകാരം ഉൾ നാടൻ വിഭാഗത്തിൽ 236 മത്സ്യത്തൊഴിലാളികളിൽ നിന്നും 128250 രൂപയും മറൈൻ വിഭാഗത്തിൽ 7830 മത്സ്യത്തൊഴിലാളികളിൽ നിന്നും 4500975 രൂപയും ചേർത്ത് 4629225 രൂപ സമാഹരിച്ചിട്ടുണ്ട്. ഈ തുകയും ഗവൺമെന്റ് വിഹിതവും ചേർത്ത് ഇതേ മത്സ്യത്തൊഴിലാളികൾക്ക് തന്നെ സമാശ്വാസം തിരികെ നൽകുന്നു. |

സെക്ഷൻ ഓഫീസർ